45 (441) ശുദ്ധജല വിതരണ പദ്ധതികൾക്ക് കേന്ദ്ര സഹായം

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ പണി നടന്നുകൊണ്ടിരിക്കുന്ന ഏതെല്ലാം ശുദ്ധജലവിതരണ പദ്ധതികൾക്കാണ് കേന്ദ്ര സഹായം ലഭിച്ചിട്ടുള്ളത്;

(ബി) ഓരോ പദ്ധതിക്കും എന്തു തുക വീതം കേന്ദ്ര സഹായം ലഭിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) താഴെ പറയുന്ന ശുദ്ധജല വിതരണ പദ്ധതികൾക്കാണ് കേന്ദ്ര സഹായം ലഭിച്ചിട്ടുള്ളത്.

(1) ത്വരിത ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി.

(2) ത്വരിത നഗര ശുദ്ധജല വിതരണ പദ്ധതി.

(3) ടെക്നോമിഷൻ ശുദ്ധജലവിതരണ പദ്ധതികൾ.

(ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു)†

(ബി) ഇതുവരെയായി ഓരോ പദ്ധതികൾക്കും ലഭിച്ച് കേന്ദ്ര സഹായം താഴെ കൊടുത്തിരിക്കുന്നു;

1. ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി - 278.17 കോടി രൂപ (1997 മുതൽ)

2. ത്വരിത നഗര ശുദ്ധജല വിതരണ പദ്ധതി - 1.89 കോടി രൂപ (1993 മുതൽ)

3. ടെക്നോളജി മിഷൻ പദ്ധതി - 3.275 കോടി രൂപ.

46 (442) വൻകിട ജലസേചന പദ്ധതികൾ

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു പുതുതായി വൻകിട ജലസേചന പദ്ധതികൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ചാലിയാർ നദീതട പദ്ധതി.

(ബി) മലപ്പുറം ജില്ലയിൽ ചാലിയാർ നദിക്കു കുറുകെ അമ്പിട്ടാംപെട്ടി എന്ന സ്ഥലത്തു ഒരു മേസനറിഡാം നിർമ്മിക്കാനാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. മലപ്പുറം, കോഴിക്കോട് എന്നീ ജില്ലകളിലെ 22500 ഹെക്ടർ സ്ഥലത്തു കനാലുകൾ വഴി ജലസേചന സൗകര്യം ഏർപ്പെടുത്തുവാൻ ഈ പദ്ധതിക്കൊണ്ട് കഴിയും. 1996 ലെ നിരക്കു പ്രകാരം ഈ പദ്ധതി

† അനുബന്ധം VIII

LIBRARY ARCHIVES Kerala Legislative Assembly